MR. T. P. RAMASUBBA AIYAR (*Secretary to Government*) : ഡിപ്പാർട്ടുമെൻറ മേലധികാരി പറഞ്ഞതനുസരിച്ചാണ മറുപടി പറഞ്ഞിട്ടുള്ളത്.

MR. T. KUMARA PILLAI (*Kalkulam* cum *Vilavankod*) : പൊൺപള്ളിക്കുടത്തിൽ കുടിക്കാൻ വെള്ളത്തിന് വിഷമം ഉണ്ടോ എന്നു സൂക്ഷ്മമായി അന്വേഷിച്ച് അറിയുമോ?

MR. T. P. RAMASUBBA AIYAR (*Secretary to Government*) : അതിനെപ്പറ്റി അന്വേഷിക്കാം.

MR. T. KUMARA PILLAI (*Kalkulam* cum *Vilavankod*): അന്വേഷണത്തിൽ ആവശ്യമുണ്ട് എന്നു കാണുന്നപക്ഷം അവിടെ ഒരു കിണറു കുഴിപ്പിക്കുമൊ?

MR. T. P. RAMASUBBA AIYAR (*Secretary to Government*) : അതു റിപ്പോർട്ടിന്മേൽ ആലോചിക്കേണ്ടതാണ്.

Remission of Tax in Vilavankod Taluk.

193. MR. T. KUMARA PILLAI (*Kalkulam* cum *Vilavankod*):

(*a*) Have the Government remitted a portion of tax on account of the loss of crops in the Vilavankod taluk, due to the rains in Karkatakam 1099 and recovered the balance of the tax from the cultivators? If so, have they now ordered the recovery of the remitted amount?

(*b*) If they have so ordered, will they be pleased to state the names of those *pakuthies* together with the amount to be recovered from each?

MR. T. P. RAMASUBBA AIYAR (*Secretary to Government*): (*a*) The answer is in the negative.

(*b*) This question does not arise in view of the answer to part (*a*).

MR. T. KUMARA PILLAI (*Kalkulam* cum *Vilavankod*): ൯൯-ലെ വർഷത്തിൽ തിരുവനന്തപുരം ഡിവിഷനിൽ അഴുകിച്ചേതം ഉണ്ടായിട്ടില്ലെ?

MR. T. P. RAMASUBBA AIYAR (*Secretary to Government*) : ഉണ്ടായിരിക്കാം.

MR. T. KUMARA PILLAI (*Kalkulam* cum *Vilavankod*): അങ്ങിനെ ഉണ്ടായിട്ടുണ്ട് എന്നു ഗവർമ്മെൻറിന് അറിയാമൊ?

MR. T. P. RAMASUBBA AIYAR (*Secretary to Government*): അറിയാം.

MR. T. KUMARA PILLAI (*Kalkulam* cum *Vilavankod*) : അങ്ങിനെ അഴുകിച്ചേതം ഉണ്ടായിട്ടുണ്ടെങ്കിൽ കരം കുറവു ചെയ്തിട്ടുണ്ടോ?

MR. T. P. RAMASUBBA AIYAR (*Secretary to Government*) : റെമിഷൻ ചട്ടത്താൽ അഴുകിച്ചേതത്തിനു സാധാരണ കരം ഇളവു ചെയ്തു കൊടുക്കണമെന്ന് ഏർപ്പാടില്ലാ. സ്പെഷ്യൽ കേസായിട്ട് കരംകുറവു

LIBRARY ARCHIVES Kerala Legislative Assembly

ചെയ്യുന്നതിനു വല്ല കാരണവും ഉണ്ടെങ്കിൽ അതിനു പ്രത്യേകമായ ഉത്തരവാണു കൊടുത്തു വരുന്നതു്. ക്കാര്യത്തിൽ ഇതിരുവനന്തപുരം ഡിവിഷനെ സംബന്ധിച്ചു് അവസാനമായി കൊടുത്തിട്ടുള്ള ഉത്തരവിൽ വിളവൻകോടു താലൂക്കിനും, തിരുവനന്തപുരം ഡിവിഷനിലുള്ള മറ്റു ചിലതാലൂക്കുകൾക്കും, അഴുകിച്ചേതം നിമിത്തം കരം കുറവു ചെയ്തുകിട്ടുന്നതിനു അർഹതയില്ലെന്നുള്ള കമ്മിഷണരുടെ റിപ്പോർട്ടനുസരിച്ചാണു തീരുമാനിച്ചിട്ടുള്ളതു്.

MR. T. KUMARA PILLAI (*Kalkulam cum Vilavankod*): ൻൻ-ലെ വലുതായവെള്ളപ്പൊക്കം മൂലം ഉണ്ടായകൃഷിദോഷത്തിനു ഗവർണ്മെൻറു കരം ഇളവു ചെയ്തു കൊടുക്കേണ്ടാ എന്നു വിചാരിക്കുന്നുണ്ടോ?

MR. T. P. RAMASUBBA AIYAR (*Secretary to Government*): അതാണു് ആദ്യം പറഞ്ഞതു്. ൻൻ-ലെ വർഷം നിമിത്തം സംസ്ഥാനമൊട്ടുക്കുണ്ടായിട്ടുള്ള കൃഷിപ്പിഴയെപ്പറ്റി ലാൻറു റവന്യൂ കമ്മീഷണരുടെ പക്കൽ നിന്നും റിപ്പോർട്ടു വരുത്തി അതിനുമേൽ ഗവർണ്മെൻറുത്തരവുപുറപ്പെടുവിച്ചിട്ടുണ്ടു്. അതിൽ വിളവങ്കോട്ടുതാലൂക്കിനെ ഉൾപ്പെടുത്തീട്ടില്ല.

MR. T. KUMARA PILLAI (*Kalkulam cum Vilavankod*): ൻൻ-ലെ അതിവർഷം നിമിത്തമുണ്ടായ കൃഷിദോഷത്തിനു് ഏതുവിടെയെങ്കിലും കരം കുറവു ചെയ്തിട്ടുണ്ടോ?

MR. T. P. RAMASUBBA AIYAR (*Secretary to Government*): ഉണ്ടു്.

MR. T. KUMARA PILLAI (*Kalkulam cum Vilavankod*): അതു വിളവംകോട്ടുതാലൂക്കിനെ ബാധിക്കാതിരിക്കാനുള്ള കാരണമെന്താണു്?

MR. T. P. RAMASUBBA AIYAR (*Secretary to Government*): സ്ഥലം തഹശീൽദാർ കൊടുത്തിട്ടുള്ള റിപ്പോർട്ടിന്മേൽ ഗവർണ്മെൻറു ചെയ്ത തീരുമാനമാണു്.

MR. T. KUMARA PILLAI (*Kalkulam cum Vilavankod*): വിളവങ്കോട്ടുതാലൂക്കിൽ അഴുകിച്ചേതം വന്നിട്ടില്ലെന്നു് അവിടത്തെ തഹശീൽദാർ റിപ്പോർട്ടു സമർപ്പിച്ചിട്ടുണ്ടോ?

MR. T. P. RAMASUBBA AIYAR (*Secretary to Government*): അഴുകിച്ചേതത്തിനു ചട്ടപ്രകാരം കരം ഇളവുചെയ്തു കൊടുക്കാറില്ലെന്നു ഞാൻ മുമ്പേ പറഞ്ഞുകഴിഞ്ഞല്ലൊ?

MR. T. KUMARA PILLAI (*Kalkulam cum Vilavankod*): ഒരു പൂവിൽ കരം പിരിക്കാതിരുന്നോ?

LIBRARY ARCHIVES Kerala Legislative Assembly

MR. T. P. RAMASUBBA AIYAR (*Secretary to Government*): അതി കഠിനമായ വർഷം ഉണ്ടായപ്പോൾ താലൂക്കുകളിൽ സ്ഥലപരിശോധന നടത്തി കരം ഇളവുചെയ്തു കൊടുക്കുന്നതിനെ സംബന്ധിച്ച് ഒരു ലിസ്റ്റ് തയ്യാറാക്കി അയയ്ക്കുന്നതിനു ഗവർണ്മെൻറിൽനിന്നും ഉത്തരവുണ്ടായിരുന്നു. അതനുസരിച്ചു കരംപിരിക്കുന്ന നടപടി തൽക്കാലം നിർത്തിവച്ചു. അതിനുശേഷമാണ് അതിനെസംബന്ധിച്ചു ഗവർണ്മെൻറ് ആർഡർ ഉണ്ടായതു്. അതിൽ വിളവങ്കോട്ടു താലൂക്കിലേക്കു കരം ഇളവുചെയ്തു കൊടുക്കേണ്ടാ എന്നു തീരുമാനിച്ചു. പിന്നീടാണു കരം പിരിക്കാൻ തുടങ്ങിയതു. കരം നിർത്തൽചെയ്തിട്ടു പിന്നീടു പിരിച്ചിട്ടില്ല.

MR. T. KUMARA PILLAI (*Kalkulam* cum *Vilavankod*): വിളവം കോട്ടു തഹശീൽദാർ എഴുതി അയച്ച ലിസ്റ്റിൽ അവിടെ കരം കുറവു ചെയ്യണമെന്നു പറഞ്ഞിട്ടില്ലെ?

MR. T. P. RAMASUBBA AIYAR (*Secretary to Government*): ഉണ്ടു്.

MR. T. KUMARA PILLAI (*Kalkulam* cum *Vilavankod*): രണ്ടു പൂവിലെ കരം ഒന്നിച്ചാണോ പിരിച്ചതു്?

MR. T. P. RAMASUBBA AIYAR (*Secretary to Government*): നവമ്പർ മുതൽ-ാംനു-യാണു് അവസാന ഉത്തരവു് ഉണ്ടായതു്. രണ്ടുപൂവിനുള്ള കരംഒന്നിച്ചു പിരിച്ചിട്ടുണ്ടോ എന്നു് തീർച്ചയായി അറിഞ്ഞു കൂടാ.

MR. T. KUMARA PILLAI (*Kalkulam* cum *Vilavankod*): കരം കുറവു ചെയ്തു കിട്ടുമെന്നുള്ള വിചാരത്തോടുകൂടി ജനങ്ങൾ ഇരിക്കയും ഒടുവിൽ രണ്ടു പൂവിലെ കരം ഒന്നിച്ചു ഒരുമടക്കുകയും ചെയ്തിട്ടുള്ളതായി ഗവർണ്മെൻറിനറിയാമോ?

MR. T. P. RAMASUBBA AIYAR (*Secretary to Government*): അതാണു് അറിഞ്ഞുകൂടാഎന്നു പറഞ്ഞതു്. നവമ്പർ മുതൽ-നു-ക്കു ശേഷമാണു് കരം പിരിവു തുടങ്ങിയതു്.

MR. T. KUMARA PILLAI (*Kalkulam* cum *Vilavankod*): അഴുകിച്ചേതം വന്ന കൃഷിക്കു നഷ്ടം വന്നതു ഗവർണ്മെൻറു് അറിഞ്ഞിട്ടുള്ളതിനാൽ അടുത്ത പൂവിൽ ഇതിനു പരിഹാരമുണ്ടാക്കുമെന്നു ജനങ്ങൾ വിചാരിച്ചിരുന്നപ്പോൾ രണ്ടുപൂവിലേയും കരംഒന്നിച്ചു് ഒരുമടക്കിയതിൽ ജനങ്ങൾക്കു സങ്കടമുണ്ടെന്നു് അറിയാമോ?

MR. T. P. RAMASUBBA AIYAR (*Secretary to Government*): സങ്കടം ഉണ്ടായിരിക്കാം. വിളവൻകോട്ടു താലൂക്കിലേക്കും കരം ഇളവു ചെയ്തു കൊടുക്കണമെന്നു കമ്മിഷണർ ശുപാർശചെയ്യാത്തതിനാൽ അതു ഗവർണ്മെൻറിൽ നിന്നും അനുവദിച്ചില്ല.

LIBRARY ARCHIVES Kerala Legislative Assembly